THURSDAY 19/09/2024 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/09/2024

1. ചെറുമല - പാലയ്ക്കാത്തടം നീർത്തട പദ്ധതിയിലൂടെ സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സൃഷ്ടിച്ച 145.87 ലക്ഷം രൂപയുടെ ആസ്തി കൈമാറ്റ ചടങ്ങ് സംസ്ഥാന സർക്കാരിൻറെ നാലാം നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി പാറത്തോട് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഇന്ന് (സെപ്റ്റംബർ 19) രാവിലെ 10 മണിക്ക് നടത്തുന്നു. പൂഞ്ഞാർ നിയോജകമണ്ഡലം എം. എൽ. എ. അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷി, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി പി. പ്രസാദ് ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. അന്നേദിവസം ചടയമംഗലത്തുള്ള സംസ്ഥാന നിർത്തട വികസന പരിപാലന പരിശീലന കേന്ദ്രം കർഷകർക്കായി ഏകദിന പരിശീലന പരിപാടി നടത്തുന്നു

2. ക്ഷീരവികസനവകുപ്പിന്റേയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും വിവിധ ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്കിലെ വിവിധ ക്ഷീര സംഘങ്ങളുടേയും സംയുക്ത ആഭിമുഖ്യത്തിൽ സെപ്തംബർ 20-ന് പരുത്തിമൂട് ക്ഷീരോൽപാദക സഹകരണസംഘം കെ.131(ഡി) ആപ്കോസിന്റെ നേതൃത്വത്തിൽ ബ്ലോക്ക് ക്ഷീരസംഗമം നെടുമണ്ണി സെന്റ് അൽഫോൻസാ യു. പി. സ്കൂളിൽ വച്ച് നടത്തപ്പെടുകയാണ്. ബ്ലോക്ക് ക്ഷീരസംഗമത്തിന്റെ ഉദ്ഘാടനം ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ കേരള ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അദ്ധ്യക്ഷ ത വഹിക്കുന്നതുമാണ്. കന്നുകാലി പ്രദർശനമത്സരം, ഗവ്യജാലകം, ക്ഷീരവികസന സെമിനാർ, എക്സിബിഷൻ, പൊതുസമ്മേളനം, ക്ഷീരകർഷകരെ ആദരിക്കൽ, സമ്മാനദാനം, തുടങ്ങിയ വിവിധ പരിപാടികൾ ക്ഷീര കർഷക സംഗമത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നു..

ആന്റോ ആന്റണി എം.പി, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

3. വാക്സിനേഷൻ ക്യാമ്പെയ്ൻ 2024 ആഗസ്റ്റ് 5 മുതൽ സെപ്റ്റംബർ 13 വരെ 30 പ്രവർത്തി ദിവസങ്ങളായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വന്നു. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് 12/09/2024 വരെ ആകെ പോപ്പുലേഷൻ 62.65% LSD പ്രതിരോധ കുത്തിവയ്പ്പ് ആകെ പോപ്പുലേഷൻറെ 63.71 % ഉരുക്കളെ മാത്രമാണ് വാക്സിനേറ്റ് ചെയ്തിട്ടുള്ളത്. ടാർജെറ്റ് അച്ചീവ് ചെയ്യുന്നതിന് വേണ്ടി വാക്സിനേഷൻ ക്യാമ്പയിൻ കാലയളവ് നീട്ടി നൽകുവാൻ ജില്ലകൾ അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ സാഹചര്യത്തിൽ എല്ലാ ജില്ലകൾക്കും 10 പ്രവർത്തി ദിവസങ്ങൾ കൂടി (18/09/2024 മുതൽ 30/9/2024 വരെ) വാകിസിനേഷൻ ക്യാമ്പയിൻ നീട്ടി നൽകിയിരിക്കുന്നു. പശുധൻ എൻട്രികൂടി യഥാസമയം ചെയ്യേണ്ടതാണെന്നും അറിയിക്കുന്നു.

4. 2024-25 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക യന്ത്രവൽക്കരണം കൈതാങ്ങ് (Support to Farm Mechanization) എന്ന പദ്ധതിയിൽ കേരളത്തിലെ കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സർവ്വീസ്/അറ്റകുറ്റപ്പണികൾക്ക് ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജില്ലയിലെ കാർഷിക എഞ്ചിനീയറിംഗ് ഓഫീസ് നേതൃത്വം നൽകിയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുത്ത് റിപ്പയർ ചെയ്ത് ഉപയോഗക്ഷമമാകുന്ന ചെറിയ ഇടത്തര കാർഷിക യന്ത്രങ്ങൾക്ക് സേവന വേതനം കൊടുക്കേണ്ടതില്ല. സർവ്വീസ് ചെയ്യുമ്പോൾ ആവശ്യമായി വരുന്ന ചെറിയ സ്പെയർ പാർട്സുകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തന്നെ വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതാണ്. സർവ്വീസ് ആവശ്യമായി വരുന്ന വലിയ മെഷിനുകളായ ട്രാക്ടർ, കമ്പൈൻ ഹാർവെസ്റ്റർ എന്നിവയുടെ സ്പെയർ പാർട്സുകൾക്കും, സേവന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വേതനത്തിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സബ്സിഡി സഹായം നൽകുന്നതാണ്. ഒരു ജില്ലയിൽ ഇരുപത് ക്യാമ്പുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2024 സെപ്റ്റംബർ മാസം ഒന്നാം ഘട്ടവും, 2025 ജനുവരി മാസം രണ്ടാം ഘട്ടവുമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447462572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടി

5. ക്ഷീരവികസനവകുപ്പ് കോട്ടയം ജില്ലാ ഗുണനിയന്ത്രണ യൂണിറ്റിന്റെയും നെടുമാവ് ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പാൽ ഗുണനിലവാര ബോധവൽക്കരണ പരിപാടി ഇന്ന് (സെപ്റ്റംബർ 19 ന്) രാവിലെ 10 മണി മുതൽ കൊമ്പാറ സെന്റ് ആന്റണീസ് എൽ. പി. സ്കൂളിൽ വെച്ച് സംഘടിപ്പിക്കുന്നു. ഈ പരിപാടിയിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട വില ഉല്പാദകർക്ക് ലഭിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നല്കുന്നു. പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി ഉപഭോക്താക്കൾക്ക് ശുദ്ധമായ പാൽ നല്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്ന ഈ പരിപാടിയിൽ ബ്ലോക്ക് ഗ്രാമപ്പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരസഹകാരികൾ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ക്ഷീരകർഷകരുമായി സംവദിക്കുന്നതാണ്.

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 23.09.2024 മുതൽ 27.09.2024 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് 'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി

നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിൻ്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 20.09.2024ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579, 9645922324 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രം.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ബ്ലോക്ക് റബ്ബർ പരിശോധനയിൽ രണ്ടു ദിവസത്തെ പ്രത്യേക പരിശീലനം നൽകുന്നു. ബ്ലോക്ക് റബ്ബർ ഗുണമേന്മാനിയന്ത്രണം, സ്റ്റാൻഡേർഡ് ടെസ്റ്റിങ് രീതികളും പ്രാധാന്യവും, സാമ്പിൾശേഖരണത്തിന്റെ നടപടിക്രമങ്ങൾ, ബ്ലോക്ക് റബ്ബർ പരിശോധന തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളപരിശീലനം സെപ്റ്റംബർ 25,26 തീയതികളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം